പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6750 10.07.2014 - ൽ മറുപടിയ്ക്ക്

**ഡി.എം.ഇ. - ഡി.എച്ച്.എസ് ഇരട്ട നിയന്ത്രണം ഒഴിവാക്കൽ പ്രക്രിയ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ. പി. അബ്ദുള്ളക്കുട്ടി | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് ഡി.എം.ഇ. - ഡി.എച്ച്.എസ് ഇരട്ട നിയന്ത്രണം ഒഴിവാക്കൽ പ്രക്രിയയിൽ ഒഫ് താൽമിക് അസിസ്റ്റന്റുമാരുടെ നിയമനവുമായി ബന്ധപ്പെട്ട് നിലവിൽ പരാതികളോ കോടതി വ്യവഹാരങ്ങളോ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. ഈ വിഷയത്തിൽ ശ്രീമതി. വി. ബീന, ശ്രീമതി. ആനി മാത്യു എന്നിവർ ഫയൽ ചെയ്ത ഡബ്ല്യു.പി.സി.നം.28654/10, ഡബ്ല്യു.പി.സി. നം.16028/10 എന്നീ കേസുകൾ ഇപ്പോൾ ബഹു.കേരള അഡ് മിനിസ്റ്റേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ടി. എ. നം.5727/2012, ടി.എ.നം.7504/2012 എന്നീ നമ്പരുകളിലായി പരിഗണനയിലുണ്ട്. |
| (ബി) മുൻ സർക്കാർ സീനിയോറിറ്റി മറികടന്ന് ഒഫ് താൽമിക് അസിസ്റ്റന്റുമാരെ ഡി.എം.ഇ. യിൽ നിയമിച്ചിട്ടുണ്ടെങ്കിൽ അനർഹരെ മാതൃവകുപ്പിൽ തിരിച്ചയക്കാനും അർഹരെ ഡി.എം.ഇ. യിൽ നിയമിക്കുവാനും നടപടി സ്വീകരിക്കുമോ? | (ബി) | ദ്വിഭരണ സമ്പ്രദായം അവസാനിപ്പിച്ചതോടനുബന്ധിച്ച് ഒഫ് താൽമിക് അസിസ്റ്റന്റുമാരെ ആരോഗ്യവകുപ്പിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് നിയമിച്ചത് സീനിയോറിട്ടിയുടെ അടിസ്ഥാനത്തിലാണ്. എന്നാൽ ഇപ്പോൾ ബഹു.കേരള അഡ് മിനിസ്റ്റേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള കേസുകളിൽ ടി നിയമനങ്ങൾ പുന.പരിശോധിക്കുവാൻ ബഹു. ട്രൈബ്യൂണൽ ഉത്തരവാകുകയാണെങ്കിൽ ടി ഉത്തരവിന് വിധേയമായി നിയമനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ